## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.46** **03.03.2020-ൽ മറുപടിക്ക്**

## കെ.എസ്.ഇ.ബി. യുടെ കാര്യക്ഷമമായ പ്രവർത്തനവും ഉപഭോക്തൃ സേവനവും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.യു. ജനീഷ് കുമാർ<br>" ബി.ഡി. ദേവസ്സി<br>" കെ.കുഞ്ഞിരാമൻ<br>" എം. മുകേഷ് | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം കെ. എസ്. ഇ. ബി. ലിമിറ്റഡിന് മികച്ച പ്രവർത്തനത്തിന് ലഭിച്ച അംഗീകാരങ്ങൾ എന്തെല്ലാമാണ്; | (എ) | ഈ സർക്കാർ അധികാരത്തിൽ എത്തിയ ശേഷം കെ.എസ്.ഇ.ബി.എൽ.-നു ലഭിച്ച വിവിധ അംഗീകാരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഇടുക്കി ഡാം 1976 മുതൽ കൃത്യമായി പരിപാലിച്ചു പദ്ധതിയുടെ കാര്യക്ഷമത വർധിപ്പിച്ചത് പരിഗണിച്ചുകൊണ്ട് 2020ലെ CBIP അവാർഡ്<br>2. വൈദ്യുത ശൃംഖലയിൽ വരുന്ന കേടുപാടുകൾ പെട്ടെന്ന് കണ്ടെത്തി പ്രശ്ന പരിഹാരം വേഗത്തിൽ സാധ്യമാക്കുന്ന കമ്യൂണിക്കേറ്റിംഗ് ഫാൾട്ട് പാസ്സ് ഡിറ്റക്ടർ സംവിധാനം കെ. എസ്. ഇ. ബി.എൽ. ജീവനക്കാർ രൂപകൽപ്പന ചെയ്തു വികസിപ്പിച്ചത് പരിഗണിച്ചുകൊണ്ട് 2019-ൽ സ്കോച്ച് ഗവർണൻസ് മെറിറ്റ് ഓഫ് ഓർഡർ<br>3. ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനത്തിന് കെ.എസ്.ഇ.ബി.എൽ. ചെയ്തു വരുന്ന സേവനങ്ങൾ കണക്കിലെടുത്ത് ഏറ്റവും നല്ല സേവനങ്ങൾക്കുള്ള മെട്രോ എം.എസ്.എം.ഇ. അവാർഡ് 2019.<br>4. വിവരസാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയ പദ്ധതികൾ മുഖേന ഉപഭോക്തൃ സമൂഹത്തിന് മെച്ചപ്പെട്ട സേവനം |

| | | | |
|---|---|---|---|
| | | | നൽകുന്നതും സ്ഥാപനത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതും കണക്കിലെടുത്ത് കേരള സംസ്ഥാന സർക്കാരിന്റെ ഇ-ഗവേർണൻസ് അവാർഡ്, (ഇ-സിറ്റിസൺ സർവ്വീസ് ഡെലിവെറി വിഭാഗത്തിൽ )<br>5. സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തി വികസിപ്പിച്ച മികച്ച ആപ്ലിക്കേഷനുകൾക്ക് 2017 നവംബറിൽ ഇന്ത്യൻ എക്സ്പ്രസ്സ് ഗ്രൂപ്പ് നൽകിയ സ്മാർട്ട് ഇൻഫ്രാസ്ട്രക്ചർ ഇന്നവേഷൻ അവാർഡ്<br>6. ക്രിയാത്മകവും മാതൃകാപരവുമായ രീതിയിൽ ഊർജ്ജ മിത്ര പദ്ധതിയിൽ (REC യുടെ ഔട്ടേജ് മാനേജ്മെൻറ് സിസ്റ്റം) പങ്കെടുത്തതിനായി 2018 ഫെബ്രുവരിയിൽ റൂറൽ ഇലക്ട്രിഫിക്കേഷൻ നൽകിയ കോർപ്പറേഷൻ പ്രത്യേക പുരസ്കാരം |
| (ബി) | ആസന്ന ഭാവിയിൽ പ്രതീക്ഷിക്കുന്ന ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനത്തിന് അനിവാര്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ വിശദാംശം അറിയിക്കാമോ; | (ബി) | കേരളത്തിലെ പ്രധാന പട്ടണങ്ങളിലും പ്രാന്ത പ്രദേശങ്ങളിലും അവയെ ബന്ധിപ്പിക്കുന്ന റോഡുകളുടെ ഇരു വശവുമായും ചാർജിംഗ്/സ്വാപ്പിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ കേരള സർക്കാർ ഉദ്ദേശിക്കുന്നു. പ്രധാന പട്ടണങ്ങളിൽ ആവശ്യത്തിന് ചാർജിംഗ്/സ്വാപ്പിംഗ് സ്റ്റേഷനുകൾ ആദ്യ ഘട്ടത്തിൽ സ്ഥാപിക്കാം എന്നും ഇലക്ട്രിക് വാഹനങ്ങളുടെ സ്വീകാര്യത വർദ്ധിക്കുന്നതോടെ ഇത്തരം സ്റ്റേഷനുകൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കണമെന്നും ലക്ഷ്യമിട്ടിട്ടുണ്ട്. കെ.എസ്.ഇ.ബി.യുടെയും സർക്കാരിന്റെയും ഉടമസ്ഥതയിൽ ഉള്ള സ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പറ്റിയ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കേരളത്തിലെ ആദ്യ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിനുള്ളിൽ കെ.എസ്.ഇ.ബിയുടെ ആഭിമുഖ്യത്തിൽ സ്ഥാപിച്ചിട്ടുണ്ട്.<br><br>ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനത്തിന് അനിവാര്യമായ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനെർട്ടും EESL ഉം ചേർന്ന് |

| | | | |
|---|---|---|---|
| | | | പദ്ധതികൾ രൂപീകരിച്ച് വരുന്നു. ആദ്യഘട്ടമെന്ന നിലയിൽ എല്ലാ ജില്ലയിലെയും DTPC യുടെ കീഴിലുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം തുടങ്ങികഴിഞ്ഞു. നിലവിൽ 14 ജില്ലകളിലായി 115 ടൂറിസ്റ്റ് കേന്ദ്രങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ കൊച്ചി-കോവളം ഗ്രീൻ കോറിഡോർ ആക്കുന്നതിന്റെ ഭാഗമായി ദേശീയ പാതയിലുള്ള KTDC യുടെ കീഴിലുള്ള 9 കേന്ദ്രങ്ങളിൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തി കഴിഞ്ഞു. |
| (സി) | ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗവും ഡ്രോൺ ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ പ്രസരണ വിതരണ ലൈനുകളിലെ പ്രശ്നങ്ങൾ കണ്ടെത്തി സത്വരമായി പരിഹരിക്കാനുള്ള പദ്ധതിയും കാര്യക്ഷമമാക്കി തടസ്സ രഹിതമായ വൈദ്യുതി ലഭ്യതയും കാര്യക്ഷമമായ ഉപഭോക്തൃ സേവനവും ഉറപ്പാക്കുന്നതിന് സാധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ? | (സി) | 11 കെ.വി. വൈദ്യുത ശൃംഖലയിൽ വരുന്ന കേടുപാടുകൾ പെട്ടെന്ന് കണ്ടെത്തി പ്രശ്നപരിഹാരം വേഗത്തിൽ സാധ്യമാക്കുന്ന കമ്മ്യൂണിക്കേറ്റിംഗ് ഫോൾട് പാസ്സ് ഡിറ്റക്ടർ സംവിധാനം കെ.എസ്.ഇ.ബി.എൽ. ജീവന ക്കാർ രൂപകൽപ്പന ചെയ്ത് വികസിപ്പിച്ചത് ഫീഡറുകളിൽ സ്ഥാപിച്ചു വരുന്നുണ്ട്. പ്രസരണ ശൃംഖലയുടെ നിരീക്ഷണത്തിനും അവയുടെ കേടുപാടുകൾ കണ്ടുപിടിച്ച് പരിഹരിക്കുന്നതിനുമായി നിർമ്മിത ബുദ്ധിയുടെ (Artificial Intelligence) സഹായത്തോടെ പ്രവർത്തിക്കുന്ന ഡ്രോൺ സംവിധാനം നടപ്പിലാക്കുന്ന ഇന്ത്യയിലെ ആദ്യ വൈദ്യുത യൂട്ടിലിറ്റി എന്ന സ്ഥാനം കെ. എസ്. ഇ. ബി. എൽ. കരസ്ഥമാക്കിയിട്ടുണ്ട്. വൈദ്യുതി വിതരണ ലൈനുകളിലെ വൈദ്യുതി തടസ്സവും പുന:സ്ഥാപനവും സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളെ മൊബൈൽ ഫോണിൽ എസ്.എം.എസ്. മുഖേന അറിയിക്കുന്ന 'ഊർജ്ജ-ദൂത്' പദ്ധതി നടപ്പാക്കിയിട്ടുണ്ട്.<br><br>വൈദ്യുതിബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്, മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന 'ഊർജ്ജ സൗഹൃദ' പദ്ധതി എന്നിവ ഇന്ന് വ്യാപകമായി ഉപയോഗപ്പെടുത്തുന്നു. HT/EHT ഉപഭോക്താക്കൾക്ക് പുതിയ കണക്ഷനുവേണ്ടി അപേക്ഷ ഗ്രീൻ ചാനൽ സംവിധാനത്തിലൂടെ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തി. |

| | | | |
|---|---|---|---|
| | | | സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചു ഒരുമാനെറ്റ് ബില്ലിംഗ് സോഫ്റ്റ് വെയർ ഉപയോഗിക്കാനുള്ള മൊബൈൽ ആപ്ലിക്കേഷൻ, വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാനും മറ്റും ഉള്ള സ്മാർട്ട് '(സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡൻറ് റിപ്പോർട്ടിംഗ് ടൂൾ) സോഫ്റ്റ് വെയർ സംവിധാനം, ഭാരത് ബിൽ പേയ്മെന്റ് സംവിധാനം ഉപയോഗപ്പെടുത്തി വൈദ്യുതി ഉപഭോക്താക്കൾക്ക എല്ലാ പേയ്മെന്റ് ഗേയ്റ്റ് വേ/ ബാങ്ക്/വാലറ്റ് മുഖേനയും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള നൂതന സംവിധാനം എന്നിവ മെച്ചപ്പെട്ട സേവനം വേഗത്തിൽ നൽകുവാൻ സഹായകരമായി. |

സെക്ഷൻ ഓഫീസർ